മലയാളത്തിന്റെ
പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്**
നിങ്ങളുമായി
സംവദിക്കുന്നു



# ശിഹാബ്ക്കയോട് ചോദിക്കാം



ശിഹാബ്ക്കാ,
അവധിക്കാലത്ത് ഞങ്ങ
ൾക്ക് ഒരുപാട് സമയം കിട്ടും,
ഈ സമയം എങ്ങനെയെല്ലാം ഉപ
യോഗിക്കാം എന്ന് പറഞ്ഞു തരുമോ?

**ആസിം അനാൻ എം.ജെ**
ക്ലാസ് 7
ടാലന്റ് പബ്ലിക് സ്കൂൾ
ഞാറക്കൽ

## സ്കൂൾ പൂട്ടിയേ..!

ആസിം അനാന്റെ ഈ ചോദ്യത്തിന് സ്വൽപം വിശദമായിത്തന്നെ എഴുതാം. ഈ ലക്കത്തിൽ വേറെ ചോദ്യങ്ങളൊന്നും വേണ്ട അല്ലേ...

വേനലവധി ഏറെ ആശ്വാസകരമായ കാലമാണ്. പാഠപുസ്തകങ്ങളും പഠനങ്ങളും പരീക്ഷയുമൊക്കെയായി തിരക്കോട് തിരക്ക് തന്നെ. എത്രയോ നാളുകളായി വേനലവധി വരുന്നതും കാത്ത് നിങ്ങൾ നിൽക്കുന്നുണ്ട് എന്നറിയാം. കാരണം, ശിഹാബ്ക്കയും നിങ്ങളെപ്പോലെ ഈ വേനലവധി വരുന്നതും കാത്തുനിന്നിട്ടുണ്ട്. സ്കൂൾ പൂട്ടിയേ എന്നു പറഞ്ഞ് കുട്ടികൾ എന്തൊരു ഉൽസാഹത്തോടെയാണ് അവസാന പിരിയഡും കഴിഞ്ഞ് വെളിയിലേക്ക് ചാടുകയെന്നോ! ഹോ! അങ്ങനെ

▸▸ ചട്ടമ്പിസ്വാമികളുടെ സമാധിസ്ഥലം – പന്മന (കൊല്ലം ജില്ല)

ഇക്കൊല്ലവും കഴിഞ്ഞു!

ഇനി അടിച്ചു പൊളിച്ച് ഒന്ന് നടക്കണം. പക്ഷേ, കുട്ടികളായ നിങ്ങൾക്ക് വേനലവധിയും പഠനകാലമാക്കുന്ന പ്രവണത ഞങ്ങൾ കുട്ടികളായ കാലത്തൊന്നും ഉണ്ടായിട്ടില്ല. ഇതെന്തേ, സ്കൂൾ പൂട്ടിയാലും പഠിത്തമോ? ഇക്കാര്യത്തിൽ ശിഹാബ്ക്ക നിങ്ങളുടെ കൂടെയാണ്. കുട്ടികളുടെ അവധിക്കാലം മുതിർന്നവർ ഇങ്ങനെ അപഹരിക്കാമോ?

നിങ്ങളെ വെറുതെ വിട്ടാൽ വല്ല കുറുമ്പും കാട്ടുമോ എന്നു ചിലപ്പോൾ മുതിർന്നവർ വിചാരിക്കുന്നുണ്ടാകും. പക്ഷേ, നിങ്ങൾ അങ്ങനെ കുറുമ്പുകാരൊന്നുമല്ലെന്ന് ശിഹാബ്ക്കാക്ക് അറിയാം.

അവധിക്കാലം കൂടുതൽ മനോഹരമാക്കാൻ ശിഹാബ്ക്കാടെ മനസ്സിൽ തോന്നിയ ചില കാര്യങ്ങൾ പങ്കുവെക്കാം.

## നീന്തോളജി പഠിക്കാം

വേനലവധി സന്തോഷമാക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നത് എന്താണ്? അതിനൊരു സങ്കൽപമൊക്കെ ഉണ്ടാവുന്നത് നല്ലതാണ്. ഉദാഹരണത്തിന് അവധിക്കാലത്ത് നിങ്ങൾക്ക് നീന്തൽ പഠിക്കാം.

അതാവുമ്പോൾ നിങ്ങൾക്കും ഇഷ്ടമാണ്. വെള്ളത്തിൽ മീൻ കണക്കെ ഇങ്ങനെ യഥേഷ്ടം തുഴഞ്ഞ് തുഴഞ്ഞ് പോകുന്നത് ആർക്കാണ് ഇഷ്ടമല്ലാത്തത്!

നീന്തൽ പഠിച്ചാൽ മറ്റൊരു പ്രത്യേകത കൂടിയുണ്ട്. സ്കൂളിൽ നിന്ന് പഠിച്ചതൊക്കെ നിങ്ങൾ മറന്നു പോയേക്കാം. നീന്തൽ പക്ഷേ മരിക്കും വരെ മറക്കില്ല. അങ്ങനെ ഒരൽഭുതം ഈ പഠിത്തത്തിനുണ്ട്. നീന്തൽ പഠിക്കുമ്പോൾ സുരക്ഷിതമായ സാഹചര്യവും നീന്തൽ നന്നായി പഠിച്ച ആളിന്റെ സഹായവും വേണം. നഗരങ്ങളിൽ പലയിടത്തും നീന്തൽ പഠിപ്പിച്ചു കൊടുക്കുന്ന സ്ഥലങ്ങളുണ്ട്. അതേപ്പറ്റിയും അന്വേഷിക്കാം.

കുട്ടിക്കാലത്ത് നീന്തൽ പഠിക്കണം. മുതിർന്നാൽ പിന്നെ സമയം കിട്ടില്ല. പഠിക്കാൻ എളുപ്പവുമല്ല. സ്കൂളിലും കോളേജിലും പഠിച്ച് വലിയ ആളായിട്ടെന്താ, നീന്തൽ പഠിച്ചില്ലെങ്കിൽ പോയില്ലേ..! ബയോളജിയും സൈക്കോളജിയുമൊക്കെ മാത്രം പഠിച്ചാൽ പോരാ. നീന്തോളജി കൂടി പഠിക്കണം. അബദ്ധത്തിൽ വെള്ളത്തിലെങ്ങാനും വീണു പോയാൽ നീന്തോളജിയേ സഹായത്തിനെത്തൂ.

## വീട്ടു പരിസരം വൃത്തിയാക്കാം

മിക്കവാറും നിങ്ങൾ കുട്ടികളുടെ സമയം മറ്റൊന്നി നും ചെലവഴിക്കാൻ കഴിയാറില്ല. ഉമ്മ ഭക്ഷണം ഉണ്ടാക്കും, നിങ്ങൾ കഴിക്കും. ഉമ്മ വസ്ത്രം അലക്കിത്തരും, നിങ്ങൾ ധരിക്കും. ഉമ്മ നിലം തുടക്കും, നിങ്ങൾ നടക്കും. ഇതാണല്ലോ സ്ഥിരമായി സംഭവിക്കുന്നത്.



▸▸ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തിരുവനന്തപുരം ജില്ലയിലാണ്

ഇതിനൊരു പരിഹാരം വേണ്ടേ?

വീട്ടു പണിയിൽ പാവം ഉമ്മയെ സഹായിക്കാം ഈ വേനലവധിക്കാലത്ത്.

വീടിന്റെ ജനാലകളിലും മൂലകളിലുമെല്ലാം പറ്റിപ്പിടിച്ചു നിൽക്കുന്ന പൊടി -മാറാലകൾ വൃത്തിയാക്കി ഉമ്മയെ സഹായിക്കാം. ഉമ്മക്ക് വലിയ സന്തോഷമാകും. ഉമ്മയുടെ സന്തോഷമാണ് ലോകത്തിലെ ഏറ്റവും വലിയ സന്തോഷം.



## പക്ഷികൾക്ക് വെള്ളം കൊടുക്കാം

വേനലവധിയായി; ഒപ്പം ഉഷ്ണത്തിന്റെ കാഠിന്യവും. കുളങ്ങൾ, പുഴകൾ, കൊച്ചു തടാകങ്ങൾ, നീർച്ചാലുകൾ, വെള്ളക്കെട്ടുകൾ ഇവയെല്ലാം വറ്റി വരണ്ടു. മനുഷ്യർ വെള്ളം എങ്ങനെയും സംഘടിപ്പിക്കും. പക്ഷേ വല്ലാതെ വലഞ്ഞു പോകുന്നത് പക്ഷിമൃഗാദികളാണ്.

പാവം, അവർക്ക് പബ്ലിക് പൈപ്പുകളൊന്നുമില്ലല്ലോ. പല പക്ഷികളും ദാഹിച്ച് പരവശരായി നിൽക്കുന്നത് സൂക്ഷിച്ചുനോക്കിയാൽ കാണാം.

ഒരു പാത്രത്തിൽ വെള്ളം നിറച്ച് പക്ഷികൾക്ക് യഥേഷ്ടം വെള്ളം കുടിച്ച് പോകാൻ പറ്റുന്ന സ്ഥലത്ത് കൊണ്ടുവെക്കുക. വെള്ളം തീരുമ്പോൾ അതിൽ ഒഴിച്ചുകൊണ്ടിരിക്കുക. ഈ അവധിക്കാലം മുഴുവൻ അങ്ങനെയാവട്ടെ!

പക്ഷികൾക്ക് വലിയ സന്തോഷമാവും. ഭൂമിയിലെ എല്ലാ ജീവജാലങ്ങളും സന്തോഷമായിരിക്കണം. അപ്പഴേ മനുഷ്യർക്ക് ശരിയായ സന്തോഷം കിട്ടൂ.

## ഹാ.. എത്ര മനോഹരമായ പുസ്തകങ്ങൾ!

വായിക്കാൻ ആഗ്രഹിച്ചതോ വായിക്കേണ്ടതോ ആയ നല്ല രസികൻ പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക. ഉപ്പയോടോ ഉമ്മയോടോ ജ്യേഷ്ഠൻമാരോടോ പറഞ്ഞ് അത് സംഘടിപ്പിച്ച് വായിക്കാം. ഈ വേനലവധിക്ക് ഞാൻ ഇത്ര പുസ്തകം വായിച്ചു തീർക്കും എന്ന് പ്രതിജ്ഞ ചെയ്യാം. മൊബൈലിൽ ഫേസ്ബുക്കും വാട്ട്സപ്പും





നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക ,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

ഗെയിംപ്ലേയുമായി അൽപം ഉല്ലസിക്കാം.
പക്ഷേ അത് അര മണിക്കൂറിലധികം വേണ്ടെന്ന് തീരുമാനിക്കണം. സമയത്തിനുമേൽ നിയന്ത്രണം കിട്ടുന്നില്ല എന്നു തോന്നിയാൽ അത് പാടെ ഉപേക്ഷിക്കുന്നതാണ് നല്ലത്.

### ചിത്രം വരക്കാം, കരകൗശല വസ്തുക്കളുണ്ടാക്കാം, കൂടെ പാട്ടും

നിങ്ങൾക്ക് ചിത്രങ്ങളോട് കമ്പമുണ്ടെങ്കിൽ വേനലവധി അതിനായി നീക്കിവെക്കാം. നിങ്ങൾക്ക് തോന്നിയപോലെ വരച്ചോളൂ. പ്രകൃതി, വീട്, പക്ഷിമൃഗാദികൾ, പൂമ്പാറ്റ, പൂച്ച, പട്ടി, സിംഹം, കുരങ്ങൻ എന്തും വരക്കാം.
നന്നേ ചെറുപ്രായത്തിൽ ചിത്രകല പഠിക്കാനായി എവിടെയെങ്കിലും ചേരുന്നത് നല്ലതല്ല എന്നതാണ് പൊതുവെ പറയപ്പെടുന്നത്.
നിങ്ങൾക്കിഷ്ടമുള്ളത് നിറയെ വരച്ചോളൂ. നിറം കൊടുത്തോളൂ. കരകൗശല വസ്തുക്കൾ ഉണ്ടാക്കാൻ താൽപര്യമുണ്ടെങ്കിൽ അതിനുള്ള പരിശീലനവും നേടാം.

### കൈയെഴുത്ത് മാസിക

വീടിനകത്തുതന്നെ ചടഞ്ഞുകൂടുന്ന സ്വഭാവം അത്ര നല്ലതല്ല കേട്ടോ.
ചങ്ങാതിമാരുമായി ചേർന്ന് പറമ്പിൽ കളികളാവാം, ഇഷ്ടമുള്ള എന്തും.
കൂട്ടത്തിൽ ഒരു കൈയെഴുത്ത് മാസിക കൂടി ഉണ്ടാക്കിയാൽ അടിപൊളിയായിരിക്കും. നിങ്ങൾ തന്നെ കഥയും കവിതയുമെഴുതിയാൽ മതി. ലേഖനങ്ങളും നിങ്ങളുടെ നാടിനെപ്പറ്റിയുമൊക്കെ അതിലുണ്ടാവട്ടെ. നിങ്ങൾ തന്നെ വരച്ചാൽ മതി. വായിക്കാൻ കൂട്ടുകാർക്ക് മാറി മാറി കൊടുക്കുക. അഭിപ്രായം തേടുക.
എഴുതുന്നതിൽ തമാശയും കാര്യവും ഒക്കെ വേണം. ഇനിയും എത്രയോ കാര്യങ്ങൾ ഉണ്ട്. നിങ്ങൾക്ക് നല്ല രസവും തമാശയും തോന്നുന്ന കാര്യങ്ങൾ ആണ് ചെയ്യേണ്ടത്. അല്ലാതെ പാവം ശിഹാബ്ക്ക പറഞ്ഞതല്ലേ, ചെയ്തു കളയാം എന്ന് വിചാരിക്കരുത്. എല്ലാവർക്കും ഗംഭീരമായ ഒരു വേനലവധിക്കാലം നേരുന്നു. ◈



## ഇനിയും പൂക്കാത്ത കൊന്ന

**• അമ്മിണി ടീച്ചർ**

മേടം വന്നതറിഞ്ഞില്ലേ!
വിഷു സംക്രാന്തിയടുത്തില്ലേ
കൊന്നേ പൂ വിരിക്കുന്നില്ലേ?
കണ്ണിനു നീ കണിയാവില്ലേ
കണ്ണീർ കൊണ്ടു നനച്ചിട്ടോ
കദനം കൊണ്ട് തലോടീട്ടോ
കാലക്കേട് ഭവിച്ചിട്ടോ
എന്തേ കൊന്നേ പൂക്കാത്തൂ?
ഉണ്ണികൾ വന്നു വിളിക്കാഞ്ഞോ
ഉണ്ണിക്കണ്ണനെയൂട്ടാഞ്ഞോ
ഉൺമകളെല്ലാം മാഞ്ഞിട്ടോ,
എന്തേ കൊന്നേ പൂക്കാത്തൂ?
ഉണ്ണിക്കണ്ണനെയൂട്ടാനും
ഉണ്ണിക്കണ്ണനുടുക്കാനും
ഉരുളി നിറയ്ക്കാനില്ലൊന്നും
കൊന്നപ്പൂവല്ലാതൊന്നും!

▸▸ ഇന്ത്യയുടെ ആകെ കടൽത്തീര ദൈർഘ്യം– 7517 കിലോമീറ്റർ